# Deepika

## 14 August 2018

## Paravoor, Periyar, After Flood, Flood Victims, Relief Camps



യാണ്.

### പെരിയാറിൽ വീണ്ടും വെള്ളം പൊങ്ങി

# ക്യാമ്പ് വിട്ടവർ തിരിച്ചെത്തി

**ഇടമലയാറിൽനിന്നു തുറന്നുവിട്ട വെള്ളം ഒഴുകിയെത്തിയതും ശക്തമായ വേലിയേറ്റമുണ്ടായതുമാണ് വീണ്ടും ജലനിരപ്പുയരാൻ കാരണം**

**പറവൂർ:** പെരിയാറിലും ചാലക്കുടിപ്പുഴയിലും വെള്ളപ്പൊക്കം മൂലമുണ്ടായ പ്രളയദുരിതങ്ങൾ മാറിയെന്ന് കരുതി ക്യാമ്പിൽനിന്നു വീട്ടിലേക്കു പോയ കുടുംബങ്ങളിൽ ഏതാനും വീട്ടുകാർക്ക് വീണ്ടും ക്യാമ്പുകളിലേക്കുതന്നെ മടങ്ങേണ്ടി വന്നു.

കുന്നുകര, എളന്തിക്കര, ചെറുകടപ്പുറം തുടങ്ങിയ മേഖലകളിലാണ് വീണ്ടും വെള്ളംകയറിയത്. തിങ്കളാഴ്ച സ്വന്തം വീടുകളിലേക്ക് താമസം മാറ്റാമെന്ന് കരുതി ഞായറാഴ്ച വൈകീട്ട് പലരും വീടുകളിലെത്തി ശുചീകരണം നടത്തി ക്യാമ്പിലേക്ക് മടങ്ങി. തിങ്കളാഴ്ച രാവിലെ തന്നെ ക്യാമ്പിൽ നിന്നും മടങ്ങി വീട്ടിലെത്തി. ഉച്ചകഴിഞ്ഞതോടെയാണ് വെള്ളം ഉയരാൻ തുടങ്ങിയത്. ഇടമലയാറിൽനിന്നു തുറന്നുവിട്ട വെള്ളം ഒഴുകിയെത്തിയതും ശക്തമായ തോതിൽ വേലിയേറ്റം ഉണ്ടായ തുമാണ് പെരിയാറിൽ വീണ്ടും ജലനിരപ്പുയർന്നത്. ചെറുകടപ്പുറം ഫാത്തിമാ മാതാ പള്ളി പാരിഷ് ഹാളിലെ ക്യാമ്പിൽ നാലു ദിവസം താമസിച്ചിരുന്നവർ വീട്ടിലെത്തി വീട് കഴുകി വൃത്തിയാക്കിക്കഴിഞ്ഞപ്പോഴായിരുന്നു വീണ്ടും വെള്ളപ്പൊക്കം.

ഇവരെ കുത്തിയതോട് സെന്റ് ഫ്രാൻസിസ് എൽപിഎസിൽ താമസിപ്പിച്ചിട്ടുണ്ട്. മദനൻ മൂലാന്തറ, ദേവകി രാജൻ എന്നിവരുടെ വീട്ടിലും വെള്ളം കയറിയിട്ടുണ്ട്. ഔദ്യോഗികമായി പറവൂർ താലൂക്കിൽ ഇപ്പോൾ അഞ്ച് ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിക്കുന്നത്. കടുങ്ങല്ലൂർ, കുന്നുകര, ഏലൂർ എന്നിവിടങ്ങളിലാണ് ക്യാമ്പുകൾ പ്രവർത്തിക്കുന്നത്. ചെറുകടപ്പുറം-തെനപ്പുറം ഭാഗത്ത് എട്ട് വീടുകളിലും തേലത്തുരുത്തിൽ അഞ്ചു വീടുകളിലുമാണ് വെള്ളം കയറിയത്. ഇവരിൽ എട്ട് വീടുകാരേയും കുത്തിയതോട് സെന്റ് ഫ്രാൻസീസ് എൽ.പി സ്കൂളിലേക്ക് മാറ്റി താമസിപ്പിച്ചിട്ടുണ്ട്. കുന്നുകരയിലെ 15-ാം വാർഡിൽനിന്നുള്ള ഏതാനും വീട്ടുകാരെയും കുത്തിയതോട് ക്യാമ്പിലേക്ക് താമസം മാറ്റിയിട്ടുണ്ട്.